LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന കടകുളം കോളനിയിലെ 10 വയസ്സുള്ള പെൺകുട്ടി ഡിഫ്ത്തീരിയ രോഗംമൂലം 23-6-2014-ന് മരണപ്പെടുകയുണ്ടായി. സംസ്ഥാനത്ത് ഇതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നു. ടിനു എന്ന ഈ കുട്ടിക്ക് പ്രതിരോധ ചികിത്സ കൃത്യമായി എടുത്തിരുന്നില്ല. ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഫീൽഡ് ജീവനക്കാർ പല പ്രാവശ്യം കുട്ടിയുടെ വീടും പരിസരവും സന്ദർശിച്ച് ആരോഗ്യബോധവത്ക്കരണ പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിന് മാതാപിതാക്കൾ താല്പര്യം കാട്ടിയിരുന്നില്ല. തീരദേശ ഗ്രാമം ഉൾപ്പെട്ട ജില്ലയിൽ പ്രതിരോധകുത്തിവയ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സർവ്വേ, ബോധവത്ക്കരണ പരിപാടികൾ, പ്രതിരോധ കുത്തിവയ്പുകൾ, ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ വിജയിപ്പിക്കുന്നതിനും പ്രതിരോധ കുത്തിവയ്പ് വാരം ആചരിക്കുന്നതിനും ആവശ്യമായ ഫണ്ടും വാക്സിനുകളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(30) നഴ്സുമാരുടെ നിയമനം

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ സംവരണ അട്ടിമറി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ എൻ.സി.എ. വിഭാഗത്തിൽ 14-10-2009-ന് കാറ്റഗറി നമ്പർ. എം. 391/2009 പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് വർഷങ്ങൾക്കുശേഷം 28-1-2014-ലാണ്. വിജ്ഞാപനം ക്ഷണിക്കുമ്പോൾ ധീവര വിഭാഗത്തിന് 11 ഒഴിവും മുസ്ലീം വിഭാഗത്തിന് 67 ഒഴിവും ഉണ്ടായിരുന്നു. 30-4-2014-ൽ എൻ.സി.എ. ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 131 ഒഴിവിലേക്കും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകി. ആദ്യത്തെ 86 പേർക്ക് ഹെൽത്ത് സർവ്വീസിലും, 40 പേർക്ക് മെഡിക്കൽ എഡ്യൂക്കേഷനിലും, 5 പേർക്ക് മെഡിക്കൽ കോളേജിലേക്കുമാണ് മെമ്മോ നൽകിയത്. ഇതിൽ താഴെ റാങ്ക് നേടിയ 45 പേർ ഡി.എം.ഇ.-യുടെ കീഴിലുള്ള മെഡിക്കൽ കോളേജിൽ നിയമനം നേടി. ഉയർന്ന റാങ്ക് നേടിയ 86 പേർക്ക് ഇതുവരെയും ഹെൽത്ത് സർവ്വീസിൽ നിന്ന് നിയമനം ലഭിച്ചിട്ടില്ല. ഇതിന് കാരണമായി ഡി.എം.ഒ. പറയുന്നത് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം

നൽകുവാൻ നിലവിൽ ഒഴിവില്ലായെന്നാണ്. അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകാൻ ഒഴിവില്ലായെന്നത് വളരെ വിചിത്രമാണ്. എന്നാൽ സംവരണ സമുദായാംഗങ്ങൾക്ക് നിയമനം നൽകി നികത്തപ്പെടേണ്ട ഒഴിവിൽ 2013-ൽ നിലവിൽ വന്ന സ്റ്റാഫ് നഴ്സ് ജനറൽ കാറ്റഗറി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതുമൂലമാണ് ഇപ്പോൾ പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിച്ച എൻ.സി.എ. ധീവര/മുസ്ലീം വിഭാഗങ്ങൾക്ക് നിയമനം ലഭിക്കാത്തത്. അതിനാൽ പി.എസ്.സി അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത 86 പേർക്ക് നിയമനം നൽകുവാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മെമ്മോ ലഭിച്ചിട്ട് ജോലിക്കായി കാത്ത് നിൽക്കുകയെന്നത് നഗ്നമായ നീതി നിഷേധമാണ്. ഇപ്പോൾ പറയുന്നത് അവർക്ക് നിയമനം നൽകാൻ പോസ്റ്റില്ല എന്നാണ്. അതുകൊണ്ട് ഈ നീതിനിഷേധം അടിയന്തരമായി പരിഹരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 എൻ.സി.എ. തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാർ പരിശോധിക്കുകയും ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-ന്റെ മുഴുവൻ ഒഴിവിലേക്കും എൻ.സി.എ. റാങ്ക് സീനിയോറിറ്റിയനുസരിച്ച് നിയമനം നൽകണമെന്നും ശേഷിക്കുന്നവരെ നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് 8-7-2014-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം അടിയന്തരമായി ലഭ്യമാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(31) കാസർഗോഡ് ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ജനറൽ ആശുപത്രി നിത്യരോഗിയാണ്. ഈ സബ്മിഷൻ കൊണ്ടോ മന്ത്രിയുടെ മറുപടി കൊണ്ടോ മാറുന്നതല്ല ആ രോഗം. മന്ത്രി തന്നെ നേരിട്ട് വന്ന് യോഗം വിളിച്ച് യഥാർത്ഥ പ്രശ്നം എന്താണെന്ന് ബന്ധപ്പെട്ടവരിൽ നിന്നും മനസ്സിലാക്കിയാൽ മാത്രമേ എന്തെങ്കിലും ഗുണം ഉണ്ടാകുകയുള്ളൂ. ഈ സബ്മിഷൻ ഫലം കണ്ടു എന്നുള്ള സംതൃപ്തിയും ചാരിതാർത്ഥ്യവും ലഭിക്കണമെങ്കിൽ കാസർഗോഡ് ജനറൽ ആശുപത്രിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയെന്ന ഏക അജണ്ടയോടുകൂടി കാസർഗോഡ് ജനറൽ ആശുപത്രി സന്ദർശിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly